LIBRARY ARCHIVES Kerala Legislative Assembly

സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിലെ തേക്കുമരങ്ങൾ

16 (4176) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിഡ്കോയുടെ എല്ലാ വ്യവസായ എസ്റ്റേറ്റുകളിലും കൂടി എത്ര തേക്കുമരങ്ങളാണുള്ളത് ;

(ബി) അവയുടെ വില തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(സി) ചെറുകിട വ്യവസായികൾക്ക് പട്ടയം നൽകുന്നതിന് മുമ്പ് ഈ മരങ്ങൾ മുറിച്ച് പൊതുമാർക്കറ്റിൽ വിൽക്കുവാനോ സിഡ്കോ യൂണിറ്റുകളിൽ അസംസ്കൃത സാധനമായി ഉപയോഗിക്കുവാനോ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത് ?

ഉത്തരം

(എ & ബി) തേക്ക് മരം ഉൾപ്പെടെ എല്ലാ മരങ്ങളുടേയും കണക്കെടുത്ത് സിഡ്കോ വില നിശ്ചയിച്ചുകൊണ്ടിരിക്കുന്നു.

(സി) സിഡ്കോയുടെ യൂണിറ്റുകൾക്ക് അസംസ്കൃത സാധനമായി വേണ്ടി വരുന്ന മരങ്ങൾ ഒഴിച്ച് ബാക്കിയുള്ളവ വ്യവസായികൾക്ക് പട്ടയം നൽകുന്നതിനുമുമ്പ് ലേലം ചെയ്തുവിൽക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

എച്ച്.എം.ടി. യുടെ നിലനിൽപ്പിനും പുരോഗതിക്കും നടപടി

17 (4177) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിൽ കളമശ്ശേരിയിൽ പ്രവർത്തിച്ചു വരുന്ന ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് എന്ന സ്ഥാപനം ഗുരുതരമായ പ്രതിസന്ധിയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എച്ച്.എം.ടി. ഒരു സ്വതന്ത്രയൂണിറ്റായി പ്രവർത്തിപ്പിക്കുന്നതിനും സ്ഥാപനത്തിന്റെ നടത്തിപ്പിൽ കേരള സർക്കാരിനുകൂടി നിർണ്ണായിക പങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള വ്യവസ്ഥകൾ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാന സർക്കാരിൽനിന്നും കമ്പനിക്ക് വിട്ടുകൊടുത്തിട്ടുള്ള ഭൂമി വിൽപ്പന നടത്താൻ ആലോചിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ലഭിക്കുന്ന ഭൂമിവില എച്ച്.എം.ടി. യൂണിറ്റിനുവേണ്ടി മാത്രം വിനിയോഗിക്കാമെന്ന് ഉറപ്പാക്കാമോ ;

(ഡി) സംസ്ഥാന സർക്കാരിന്റെ വിവിധവകുപ്പുകൾക്കാവശ്യമായ എച്ച്.എം.ടി. ഉൽപ്പന്നങ്ങൾ വാങ്ങാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ;

(ഇ) റെയിൽവേപോലുള്ള കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മറ്റു സാധനങ്ങളും യന്ത്രസാമഗ്രികളും ഉൽപാദിപ്പിക്കുന്ന അനുബന്ധ വ്യവസായയൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കേരളത്തിൽ പ്രവർത്തിക്കുന്ന എച്ച്.എം.ടി. യുടെ ഏക യൂണിറ്റ് കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ഏക എൻജിനീയറിംഗ് പൊതുമേഖലാ സ്ഥാപനവുമായ കളമശ്ശേരി എച്ച്.എം.ടി. യുടെ നിലനിൽപ്പിനും പുരോഗതിക്കും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരമൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(സി) കമ്പനിക്കുവിട്ടുകൊടുത്തിട്ടുള്ള 100 ഏക്കർ ഭൂമി വിൽപ്പന നടത്തുന്നതിനും ഭൂമി വില കമ്പനിയുടെ അവശ്യ സാമ്പത്തിക ബാദ്ധ്യതകൾ തീർക്കാൻ ഉപയോഗിക്കുന്നതിനും നടപടി എടുത്തുവരുന്നതായി അറിയുന്നു.

(ഡി & ഇ) ഇക്കാര്യത്തിൽ വിശദമായ പരിശോധനയ്ക്കുശേഷമേ തീരുമാനമെടുക്കാൻ നിർവ്വാഹമുള്ളൂ.

(എഫ്) പ്രസ്തുത സ്ഥാപനത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും സംസ്ഥാന സർക്കാരിൽനിന്നും ലഭ്യമാക്കാൻ കഴിയുന്ന സഹായ സഹകരണങ്ങൾ അപ്പപ്പോഴായി നൽകിവരുന്നുണ്ട്.

കിൻഫ്രയുടെ അപ്പാരൽ പാർക്കുകൾ

18 (4178) ശ്രീമതി മേഴ്സി രവി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എ. കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിൻഫ്രയ്ക്ക് സംസ്ഥാനത്ത് എത്ര അപ്പാരൽ പാർക്കുകളുണ്ട് ;

(ബി) അവയിൽ ഇപ്പോൾ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) ഇപ്പോൾ അവിടെ ഒട്ടാകെ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ;

(ഇ) അവിടത്തെ വാർഷിക ഉത്പാദനം എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കിൻഫ്രയ്ക്ക് ഇപ്പോൾ സംസ്ഥാനത്ത് തിരുവനന്തപുരത്ത് കഴക്കൂട്ടത്തിനടുത്ത് തുമ്പയിൽ ഒരു അപ്പാരൽ പാർക്കുണ്ട്.

(ബി & സി) ഇപ്പോൾ നാല് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അവ താഴെ പറയുന്നവയാണ്.

1. ലീല ഇന്റർനാഷണൽ ലിമിറ്റഡ്-മൂന്ന് യൂണിറ്റുകൾ.
2. അനന്തപുരി അപ്പാരൽ സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ്-ഒരു യൂണിറ്റ്.

LIBRARY ARCHIVES Kerala Legislative Assembly